## MESSAGE FROM THE SECRETARY



കർത്താവായ യേശുക്രിസ്തുവിൻെറ നാമത്തിൽ നിങ്ങൾക്കെല്ലാവർക്കും ഹൃദയഗംമായ സ്നേഹവന്ദനം.

പ്രിയ ഇടവക ജനങ്ങളെ,

ദുബായ് മാർത്തോമ്മാ ഇടവകയെ സംബന്ധിച്ചിടത്തോളം ഇതൊരു നാഴിക കല്ലാണ്. നമ്മുടെ ഇടവകയുടെ സ്തുത്യർഹമായ പ്രവർത്തനങ്ങൾ 44 വർഷം പിന്നിട്ട് 45 ൻെറ പടിവാതിൽക്കൽ എത്തിനിൽക്കുകയായി..... കഴിഞ്ഞ 44 വർഷക്കാലം അത്ഭുതകരമായി നമ്മെ വഴി നടത്തിയ വിധങ്ങളെയോർത്ത് നമ്മുടെ ദൈവമായ കർത്താവിന് സ്തുതി സ്തോത്രങ്ങൾ അർപ്പിക്കാം. വരും വർഷങ്ങളിലും കർത്താവിൻെറ അൻപുള്ള കരങ്ങൾ നമ്മെ പൂർവ്വാധികം ഭംഗിയോടെ വഴിനടത്തുവാനായി പ്രാർത്ഥിക്കാം.

ഇടവകയുടെ കഴിഞ്ഞകാല പ്രവർത്തനങ്ങളിൽ നിസ്വാർത്ഥമായ സേവനങ്ങൾ നൽകിയ സഭാ നേതൃത്വത്തോടും വൈദീകരോടും, സുവിശേഷ പ്രവർത്തകരോടും, ഇടവക ചുമതലക്കാരോടും വിവിധ സംഘടനാ പ്രവർത്തകരോടും, സർവ്വോപരി ഇടവക ജനങ്ങളോടുമുള്ള നിസീമമായ നന്ദി അറിയിക്കുന്നു. പുതിയ വർഷത്തെ ഇടവകയുടെ പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ ഈ ജൂൺ മാസത്തിൽ ആരംഭിക്കുകയാണല്ലോ. ദൈവത്തോട്, അവൻെറ വചനത്തോട് ചേർന്നു നിന്നു കൊണ്ട്, ദൈവത്തിന് പ്രവർത്തിക്കുവാനുള്ള ഒരു മുഖാന്തരമായി നമ്മളെത്തന്നെ അവന് ഏൽപിച്ചു കൊടുക്കാം. 2013-2014 വർഷത്തേക്ക് ഇടവകയായി ചുമതലപ്പെടുത്തിയിരിക്കുന്ന ഭാരവാഹികളേയും, കൈസ്ഥാന സമിതി അംഗങ്ങളേയും, വിവിധ സംഘടനാ പ്രവർത്തകരേയും കർത്തൃ സന്നിധിയിൽ ഓർത്തു പ്രാർത്ഥിക്കുന്നതോടൊപ്പം, വിശുദ്ധ യോഹന്നാൻ ഉത്ബോധിപ്പിച്ച 'അവൻ വളരേണം, ഞാനോ കുറയേണം' എന്ന ഉത്കൃഷ്ട വചനം, നമ്മളെ ഓരോരുത്തരേയും എല്ലായിപ്പോഴും ഭരിപ്പാൻ പരിശുദ്ധാത്മാവു് ഇടയാക്കട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുകയും ചെയ്യുന്നു.

ഇതോടൊപ്പം തന്നെ, പ്രിയപ്പെട്ട എല്ലാ ഇടവകാംഗങ്ങളുടേയും പ്രാർത്ഥനയും പൂർണ സഹകരണവും എല്ലാവിധ കൈത്താങ്ങലുകളും പുതുവർഷ പ്രവർത്തനങ്ങളുടെ വിജയത്തിനായി അഭ്യർത്ഥിക്കുന്നു.

സ്നേഹത്തോടെ,

ജോസ് നെല്ലിവിള
ഇടവക സെക്രട്ടറി

Jose Nellivila
050 553 8163
josenellivila@yahoo.com